**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4726** **29-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ; ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക എന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദു റഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി, നിലമ്പൂർ നഗരസഭയിലെ അരുവാക്കോട് മൺപാത്ര നിർമ്മാണ ഗ്രാമത്തിനെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ 20 കരകൗശല കലാകാരന്മാർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയിട്ടുണ്ട്. 2018-ൽ സാംസ്കാരിക വകുപ്പിന് കീഴിൽ ആരംഭിച്ച യുവകലകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കി വരുന്നു. മലപ്പുറം ജില്ലയിൽ പദ്ധതിയുടെ ഭാഗമായി കാളിക്കാവ് ബ്ലോക്കിൽ 4ഉം, കൊണ്ടോട്ടി ബ്ലോക്കിൽ 7 ഉം, കുറ്റിപ്പുറം ബ്ലോക്കിൽ 5ഉം, മങ്കട ബ്ലോക്കിൽ 3 ഉം, പെരിന്തൽമണ്ണ ബ്ലോക്കിൽ 5ഉം, പൊന്നാനി ബ്ലോക്കിൽ 3 ഉം, തിരൂരങ്ങാടി ബ്ലോക്കിൽ 5ഉം, തിരൂർ ബ്ലോക്കിൽ 5 ഉം, വണ്ടൂർ ബ്ലോക്കിൽ 3 ഉം, വേങ്ങര ബ്ലോക്കിൽ 3 ഉം ചേർത്ത് ആകെ 43 കലാകാരന്മാരെ |

| | | | |
|---|---|---|---|
| | | | വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്കുകൾക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ സൗജന്യ പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 5,000/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ ആകെ 15,000/- രൂപ വീതം പ്രതിമാസം ഫെലോഷിപ്പായി നൽകി വരുന്നുണ്ട്. കൊണ്ടോട്ടി കേന്ദ്രമായുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലകളുടെ പരിശീലനം, അറബിമലയാളം കോഴ്സ്, വിവിധ കലാ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. 2019-20, 2020-21 വർഷങ്ങളിലായി പ്രാചീന അറബിമലയാളം കൃതികളുടെ മലയാളം ലിപ്യന്തരണത്തിനായി 9 ലക്ഷം രൂപ എസ്റ്റിമേറ്റിലുള്ള പദ്ധതി പ്രവർത്തനം പൂർത്തിയായി. 2021-22 ലേക്ക് മാപ്പിളകലാ അക്കാദമിയിലെ അറബിമലയാളം റിസർച്ച് ആന്റ് റഫറൻസ് ലൈബ്രറിയിലെ അറബിമലയാളം പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതിക്കായി 5 ലക്ഷം രൂപ അനുവദിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദീകരിക്കുമോ; പുതിയ പ്രപ്പോസലുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) | നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുക എന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ മലപ്പുറം നിയോജക മണ്ഡലത്തിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദു റഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലാ പരിശീലനങ്ങൾക്കായി എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്തുമായി സഹകരിച്ചു നടപ്പിലാക്കുന്ന “സ്കൂൾ ഓഫ് മാപ്പിള ആർട്സ്” സംരംഭത്തിന്റെ ഭാഗമായി മലപ്പുറം നിയോജക മണ്ഡലം ഉൾപ്പെടുന്ന ജില്ലാ ആസ്ഥാനത്ത് “സ്കൂൾ ഓഫ് മാപ്പിള ആർട്സ്” ആരംഭിക്കുന്നകാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ